**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **09-10-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ നഗർ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ നഗർ, തുമരംപാറ പട്ടികവർഗ്ഗ നഗർ എന്നിവയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ? | (എ) | 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ട പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ നഗറിലെ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനായി 3 തവണ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും നിലവിലെ എസ്റ്റിമേറ്റ് പ്രകാരം ആരും പ്രവർത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 29/06/2024 ൽ ചേർന്ന അവലോകന യോഗത്തിൽ ബഹു.എം.എൽ.എ നിർദ്ദേശിച്ച പ്രകാരം എസ്റ്റിമേറ്റിലെ ഘടകങ്ങൾ പരിഷ്കരിച്ച് ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെട്ട തുമരംപാറ നഗറിൽ പ്രവർത്തിയുടെ നിർവ്വഹണ ഏജൻസിയായി പാലാ നിർമ്മിതി കേന്ദ്രയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്തൃ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള ഊരുകൂട്ടം ചേർന്നതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ